## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1798** **15-03-2022 - ൽ മറുപടിയ്ക്ക്**

## മെക്കാനിക്കൽ വിഭാഗത്തിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | null<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ മെക്കാനിക്കൽ വിഭാഗത്തിൽ വരുത്തിയ പരിഷ്ക്കാരങ്ങൾ വിശദമാക്കാമോ; | (എ) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, 94 ഡിപ്പോകളിൽ എല്ലാവിധ മെയിന്റനൻസുകളും നിർവ്വഹിക്കുമ്പോൾ ഉണ്ടാകുന്ന കാര്യക്ഷമതയിലെ കുറവ് പരിഹരിക്കുന്നതിനും, സ്പെയർ പാർട്സ് സ്റ്റോക്ക് ചെയ്യുന്നതുമൂലമുള്ള അധികചെലവ് ഒഴിവാക്കുന്നതിന്റെയും ഭാഗമായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക്ഷോപ്പുകൾ 5 എണ്ണവും, ജില്ലാ / സബ് ജില്ലാ വർക്ക്ഷോപ്പു കൾ 22 എണ്ണവും കൂടാതെ ഡിപ്പോ / സബ് ഡിപ്പോ വർക്ക്ഷോപ്പുകളുമാണുള്ളത്. സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പു കളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളു മാണ് നിർവ്വഹിക്കുന്നത്. ജില്ലാ / സബ് ജില്ലാ വർക്ക്ഷോപ്പുകളിൽ സി.എഫ് വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയിസ്മെന്റ്, പ്രതിമാസ മെയിന്റനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ / സബ് ഡിപ്പോ/ ഓപ്പറേറ്റിംഗ് സെന്ററുകളിലെ വർക്ക് ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും, ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളും മാത്രമാണ് നിർവ്വഹിക്കുന്നത്. |
| (ബി) | നിലവിലെ വർക്ക്ഷോപ്പുകളുടെ എണ്ണം കുറയ്ക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് മാനദണ്ഡമാണ് അവലംബിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമമായ പരിപാലനം ഉറപ്പാക്കുന്നതിനായി സുശീൽ ഖന്ന റിപ്പോർട്ടിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിലും, 94 ഡിപ്പോകളിൽ എല്ലാവിധ മെയിന്റനൻസുകളും നിർവ്വഹിക്കുമ്പോൾ ഉണ്ടാകുന്ന കാര്യക്ഷമതയിലെ |

| | | | |
|---|---|---|---|
| | | | കുറവ് പരിഹരിക്കുന്നതിനും, സ്പെയർ പാർട്സ് സ്റ്റോക്ക് ചെയ്യുന്നതുമൂലമുള്ള അധികചെലവ് ഒഴിവാക്കുന്നതിന്റെയും ഭാഗമായി ത്രിതല മെയിന്റനൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് തീരുമാനിച്ചു. ടി സംവിധാനത്തിൽ സെൻട്രൽ, റീജിയണൽ വർക്ക്ഷോപ്പുകൾ 5 എണ്ണവും, ജില്ലാ / സബ് ജില്ലാ വർക്ക്ഷോപ്പു കൾ 22 എണ്ണവും കൂടാതെ ഡിപ്പോ / സബ് ഡിപ്പോ വർക്ക്ഷോപ്പുകളുമാണുള്ളത്. സെൻട്രൽ / റീജിയണൽ വർക്ക്ഷോപ്പു കളിൽ ടയർ റിട്രെഡിംഗ് അഗ്രിഗേറ്റ് ഓവർ ഹോളിംഗ്, മേജർ ആക്സിഡന്റ് റിപ്പയർ, വെഹിക്കിൾ ഓവർ ഹോളിംഗ് ജോലികളു മാണ് നിർവ്വഹിക്കുന്നത്. ജില്ലാ / സബ് ജില്ലാ വർക്ക്ഷോപ്പുകളിൽ സി.എഫ് വർക്കുകൾ ഉൾപ്പെടെയുള്ള എല്ലാ അഗ്രിഗേറ്റ് റീ പ്ലെയിസ്മെന്റ്, പ്രതിമാസ മെയിന്റനൻസ്, ക്വാർട്ടർലി മെയിന്റനൻസ്, ഫ്യൂവൽ മെയിന്റനൻസ്, ആക്സിഡന്റ് റിപ്പയർ (മൈനർ) തുടങ്ങിയവയാണ് നിർവ്വഹിക്കുന്നത്. ഡിപ്പോ / സബ് ഡിപ്പോ/ ഓപ്പറേറ്റിംഗ് സെന്ററുകളിലെ വർക്ക് ഷോപ്പുകളിൽ പ്രതിദിന, പ്രതിവാര ജോലികളും, ഓയിൽ ചേഞ്ച്, ടയർ & ഇലക്ട്രിക്കൽ മെയിന്റനൻസുകളും മാത്രമാണ് നിർവ്വഹിക്കുന്നത്. |
| (സി) | വർക്ക് ഷോപ്പുകളുടെ എണ്ണം കുറയ്ക്കുമ്പോൾ വിദൂര സ്ഥലങ്ങളിൽ വെച്ച് ബസ്സുകൾക്ക് വേണ്ടി വരുന്ന അറ്റകുറ്റപ്പണികൾ ഏത് രീതിയിൽ നിർവ്വഹിക്കുമെന്ന് അറിയിക്കാമോ? | (സി) | കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ കാര്യക്ഷമത ഉറപ്പാക്കുന്നതിനായി വിദൂര സ്ഥലങ്ങളിൽ വെച്ച് ബസ്സുകൾക്ക് അറ്റകുറ്റ പണികൾ ആവശ്യമായി വന്നാൽ അതു നിർവ്വഹിക്കാനുള്ള ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ